**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1542** **11-09-2023 - ൽ മറുപടിയ്ക്ക്**

**അദ്ധ്യാപക ഒഴിവുകൾ നികത്താൻ കഴിയാത്ത അവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 22.01.2021-ാം തീയതിയിലെ ജി.ഒ. (എം.എസ്.) 28/2021 നമ്പർ ഉത്തരവ് മൂലം എയ്ഡഡ് മേഖലയിൽ പത്ത് വർഷത്തിലധികമായി ലീവ് വേക്കൻസിയിൽ തുടർച്ചയായി ജോലി ചെയ്തു വന്നിരുന്ന അദ്ധ്യാപകർക്ക് 2020-21 അദ്ധ്യായന വർഷത്തിൽ വന്ന സ്ഥിരം ഒഴിവുകളിൽ നിയമനം നടത്താൻ കഴിയാതെ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഇത്തരം കേസുകളിൽ 15.07.2021 മുതൽ നിയമനം നടത്തുന്നതിന് 06.07.2021 ലെ സ.ഉ.(സാധാ)നം. 3287/2021/പൊ.വി.വ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ 01/11/2021 മുതലാണ് സ്കൂളുകൾ തുറന്ന് പ്രവർത്തിച്ചിട്ടുള്ളത്. |
| (ബി) | കോവിഡ് പ്രതിസന്ധിയുടെ സമയത്ത് പുറപ്പെടുവിച്ച പ്രസ്തുത ഉത്തരവ് മുഖേന 2020-21 അദ്ധ്യായന വർഷത്തിൽ വന്ന സ്ഥിരം ഒഴിവുകളിൽ നിയമനം നടത്താൻ സാധിക്കാതെ വന്നത് കാരണം സർവ്വീസ് ബ്രേക്ക് ഉണ്ടാവുകയും ലഭിക്കുമായിരുന്ന സർവ്വീസ് നഷ്ടപ്പെടുകയും ചെയ്ത എത്ര എയ്ഡഡ് അദ്ധ്യാപകരുണ്ട്; വ്യക്തമാക്കാമോ; | (ബി) | രണ്ട് എയ്ഡഡ് അദ്ധ്യാപകരുണ്ട്. |
| (സി) | തങ്ങളുടേതല്ലാത്ത കാരണത്താൽ ലഭിക്കേണ്ടിയിരുന്ന അനവധി വർഷത്തെ തുടർ സർവീസ് പ്രസ്തുത ഉത്തരവ് മൂലം നഷ്ടപ്പെട്ട എയ്ഡഡ് അദ്ധ്യാപകർക്ക് സർവീസ് ബ്രേക്ക് വരാതെ അർഹതപ്പെട്ട സർവീസ് കാലയളവ് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | ഈ വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ